# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1800** **04.05.2017-ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഭാഗ്യക്കുറി**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ഭാഗ്യക്കുറിയുടെ വിശ്വാസ്യത തകർക്കാൻ അന്യസംസ്ഥാന ലോട്ടറി മാഫിയ നടത്തുന്ന ആസൂത്രിത നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | താഴ്ന്ന സമ്മാനങ്ങൾ വിതരണം ചെയ്യാനുള്ള അനുവാദം ഏജന്റുമാർക്കും നൽകിയിട്ടുണ്ട്. ലോട്ടറി ടിക്കറ്റിന്റെ ഒറിജിനാലിറ്റി പരിശോധിക്കാനുള്ള സംവിധാനം ഈ ചെറുകിട ഏജന്റുമാർക്കില്ല എന്ന സാദ്ധ്യത മുതലെടുത്താണ് വ്യാജ ടിക്കറ്റുകൾ ഹാജരാക്കി പണം തട്ടുന്നത്. ഇവ ലോട്ടറി ഓഫീസുകളിൽ എത്തുമ്പോഴേയ്ക്കും മിക്കവാറും പിടിക്കപ്പെടും. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് അന്വേഷിക്കുന്നുണ്ട്. അതേസമയം കേരള ഭാഗ്യക്കുറിയുടെ വിശ്വാസ്യത തകർക്കുന്നതിനുള്ള ആസൂത്രിത ശ്രമം ഇവയ്ക്കു പിന്നിലുണ്ടോ എന്നതും അന്വേഷിച്ചുവരുന്നു. വ്യാജടിക്കറ്റുകളുടെ പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനായി ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാ മാനദണ്ഡങ്ങളിൽ ഗണ്യമായ വർദ്ധനവ് വരുത്താൻ തീരുമാനിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2017 ജൂൺ മാസം തന്നെ ഇതിന്റെ ആദ്യഘട്ടം നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. |
| (ബി) | എങ്കിൽ ഇതിനെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; | | |
| (സി) | സംസ്ഥാന ഭാഗ്യക്കുറിയുടെ സമ്മാനഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | പരിഗണനയിലുണ്ട് |
| (ഡി) | ചെറിയ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുമോ; ടിക്കറ്റ് വിലയിൽ കുറവ് വരുത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | 50/- രൂപ മുഖവിലയുള്ള കാരുണ്യ, കാരുണ്യപ്ലസ്, സ്ത്രീശക്തി, നിർമ്മൽ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയാക്കി കുറച്ചുകൊണ്ടും ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാന ശതമാനത്തിലും വർദ്ധനവ് വരുത്തിക്കൊണ്ടും എല്ലാ പ്രതിവാര |

| | | | |
|---|---|---|---|
| | | | ഭാഗ്യക്കുറികളുടെയും (പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ) സമ്മാനഘടന പരിഷ്കരിക്കുന്ന വിഷയം പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ.**